**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*291** **10.07.2015 ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ് നടത്തിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലാവധി അവസാനിച്ച കുട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ ; | (എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹു. കൃഷി വകുപ്പ് മന്ത്രിയും ബഹു. മുഖ്യമന്ത്രിയും 12.09.14 നും, 14.09.14 നും, 07.10.14 നും 16.10.14 നും കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. ടി കത്തുകളുടെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13.11.14-ൽ കേന്ദ്ര ജലവിഭവ മന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ മാർച്ച് 2015 വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടി നല്കുകയുമുണ്ടായി . അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്ന-താണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) കുട്ടനാട് പാക്കേജിനായി കേന്ദ്രം വാഗ്ദാനം ചെയ്തതും ലഭ്യമാക്കിയതും | (ബി) കുട്ടനാട് പാക്കേജിനായി കേന്ദ്രം വാഗ്ദാനം ചെയ്ത 1840.4 കോടി രൂപയിൽ 1268.563 |

| | |
|---|---|
| സംസ്ഥാനം ചെലവഴിച്ചതുമായ ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ ; | കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 575.48 കോടി രൂപ റിലീസ് ചെയ്യുകയും ആയതിൽ നാളിതുവരെ 507.801 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്. |
| (സി) കുട്ടനാട് പാക്കേജ് നടത്തിപ്പിലെ വീഴ്ചകൊണ്ട് കേരളത്തിന് കേന്ദ്ര വിഹിതം നഷ്ടമായി എന്ന ആരോപണം സംബന്ധിച്ച് വ്യക്തമാക്കാമോ ; | (സി) കുട്ടനാട് പാക്കേജിനായി പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമ ഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട് ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ സ്കീമിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ സ്കീമിൽ പദ്ധതികളുടെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനുള്ള ആദ്യ ഗഡുവിനായി കേന്ദ്ര ജല കമ്മീഷന് അപേക്ഷ നല്കുകയും സംസ്ഥാന വിഹിതമായി 13.25 കോടി ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച 300 കോടി രൂപയിൽ ബാക്കിയുള്ള 96.62 കോടി രൂപ കേന്ദ്ര സർക്കാർ റിലീസ് ചെയ്യാലെ ടി |

പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഇനിയുള്ള പദ്ധതിച്ചെലവ് സംസ്ഥാനം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോ-യെന്നും, എങ്കിൽ എന്ത് തീരുമാനം കൈക്കൊള്ളുമെന്നും വ്യക്തമാക്കാമോ?

(ഡി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**